# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1704      5/12/2014 ൽ മറുപടിയ്ക്ക്

## ജൈവകൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം ഉമ്മർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ അനിയന്ത്രിതമായ അളവിൽ അടങ്ങിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം പ്രവണതകൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തിരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷ്ണർ മാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം |

വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും ഭക്ഷ്യസുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. സെയ്ഫ് ടു ഈറ്റ് പദ്ധതി പ്രകാരം പഴം, പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിൽ പരിശോധിച്ച് ആവശ്യമായ മുൻകരുതലുകൾ കർഷകർക്കും ഉപഭോക്താക്കൾക്കും കച്ചവടക്കാർക്കും നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രശ്ന പരിഹാരത്തിന് സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. 2010 - 11 മുതൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാനത്ത് ആരംഭിച്ചു. 2013 - 14 ൽ കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിക്കുകയുണ്ടായി. കോഴിക്കോട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ 2000 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവകൃഷി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനം നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ബോധവത്ക്കരണ ക്യാംപെയിനുകൾ നടത്തി വരുന്നു. 'സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം' നടപ്പിലാക്കുമ്പോൾ ഏറ്റവും മികച്ച മൂന്ന് ജൈവ അസംബ്ലി നിയോജകമണ്ഡലങ്ങൾക്കും അസംബ്ലി നിയോജകമണ്ഡലത്തിലെ ഏറ്റവും മികച്ച മൂന്ന് ജൈവ കാർഷിക പഞ്ചായത്തുകൾക്കും അവാർഡ് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ